ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരവാദികൾക്കെതിരെ കടുത്ത നടപടികൾ സ്വീകരിക്കുമെന്നും പ്രധാനമന്ത്രി.

Prime Minister Narendra Modi said today that terrorism will not go unpunished. He said that every effort will be made to ensure that justice is done, and the entire nation is firm in this resolve

2) ഭീകരാക്രമണത്തിന് മറുപടിയായി പാകിസ്ഥാനെതിരെ നടപടികൾ ശക്തമാക്കി ഇന്ത്യ. സിന്ധു നദീജല കരാർ റദ്ദാക്കി. വാഗ-അട്ടാരി അതിർത്തിയും അടച്ചു.

India takes many strong measures against Pakistan following Pahalgam terror attack; Suspends Indus Waters Treaty, closes Integrated Check Post Attari and downgrades diplomatic ties.

3) പഹൽഗാം ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ വിളിച്ച സർവ്വകക്ഷിയോഗം ഇന്ന് ചേരും.

**Government convenes all party meeting in New Delhi this evening in view of Pahalgam terror attack.**

4) ഉധംപൂരിൽ ഭീകരരുമായു ണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികന് വീരമൃത്യു.

**In Jammu and Kashmir, security forces and terrorists exchanged fire following a search operation in Udhampur district today leading to the death of an army Jawan**

5) അമ്പലമുക്ക് വിനീത വധക്കേസിൽ പ്രതി രാജേന്ദ്രന് വധശിക്ഷ വിധിച്ച് തിരുവനന്തപുരം സെഷൻസ് കോടതി.

**Thiruvananthapuram sessions court awarded death sentence to the accused in Vineetha murder case.**

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസിനെ നേരിടും.

**In IPL T20 Cricket, Royal Challengers Bengaluru will take on Rajasthan today.**

&&&&&&&&&&&&&&&&&&&&&&

## HEADLINE-1

**PM BIHAR (INTRO)**

*പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരവാദികൾക്കെതിരെ കടുത്ത നടപടി സ്വീകരിക്കുമെന്നും ആക്രമണത്തിനിരയായവർക്ക് നീതി ഉറപ്പാക്കുമെന്നുംപ്രധാനമന്ത്രി വ്യക്തമാക്കി.*

*ഭീകരതയ്ക്ക് ഇന്ത്യയുടെ ആത്മാവിനെ കെടുത്താൻ സാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ ഒറ്റക്കെട്ടായി ഭീകരാക്രമണത്തിൽ രോഷം രേഖപ്പെടുത്തുന്നതായി പറഞ്ഞ പ്രധാനമന്ത്രി പ്രിയപ്പെട്ടവരെ നഷ്ടമായവരുടെ ദുഖത്തിൽ പങ്കുചേരുന്നതായും അറിയിച്ചു.*

*ദേശീയ പഞ്ചായത്തിരാജ് ദിനാചരണത്തോടനുബന്ധിച്ച് ബീഹാറിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.*

*(ഹോൾഡ് വോയിസ്)*

*ബിഹാറിൽ 13,500 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാ സ്ഥാപനവും പ്രധാനമന്ത്രി നിർവഹിച്ചു. പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായവരോടുള്ള ആദരസൂചകമായി അൽപനേരം മൗനം ആചരിച്ചശേഷമാണ് ചടങ്ങുകൾ ആരംഭിച്ചത്.*

&&&&&&&&&&&&&&&&&&&&&&

## HEADLINE-2

### MEA-CCS

പഹൽഗാം ആക്രമണത്തിന് മറുപടിയായി, പാകിസ്ഥാനെതിരെ ശക്തമായ നടപടികളുമായി ഇന്ത്യ. സിന്ധു നദീജല കരാർ റദ്ദാക്കിയതിനു പുറമേ, വാഗ-അട്ടാരി അതിർത്തിയും അടച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന കേന്ദ്രമന്ത്രിസഭാ സുരക്ഷാകാര്യ സമിതി യോഗത്തിലാണ് തീരുമാനം.

സാർക് വിസയിളവ് അനുസരിച്ച് ഇന്ത്യയിൽ സഞ്ചരിക്കാൻ പാകിസ്ഥാൻ പൗരന്മാരെ അനുവദിക്കില്ലെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി അറിയിച്ചു. SVES വിസയിൽ ഇന്ത്യയിലുള്ള എല്ലാ പാകിസ്ഥാൻ പൗരന്മാരും

48 മണിക്കൂറിനകം രാജ്യം വിടണം. മുൻപ് അനുവദിച്ച SVES വിസകൾ റദ്ദാക്കാനും തീരുമാനമായി. ന്യൂഡൽഹിയിലെ പാകിസ്ഥാൻ ഹൈക്കമ്മീഷനിൽ പ്രവർത്തിക്കുന്ന സൈനിക നയതന്ത്രജ്ഞർ ഒരാഴ്ചക്കകം രാജ്യം വിടണമെന്നും ഇന്ത്യ വ്യക്തമാക്കി. ഇസ്ലാമാബാദിലെ ഇന്ത്യൻ ഹൈക്കമ്മീഷനിലുള്ള സൈനിക ഉപദേഷ്ടാക്കളെ ഇന്ത്യയും പിൻവലിക്കും. ഹൈക്കമ്മീഷനിലെ ജീവനക്കാരുടെ എണ്ണം 55 ൽ നിന്ന് 30 ആക്കി കുറക്കാനും തീരുമാനമായി. ഇതിന് പിന്നാലെ പാകിസ്ഥാന്റെ ഉന്നത നയതന്ത്രജ്ഞൻ സാദ് അഹമ്മദ് വാറൈച്ചിനെ വിളിച്ചുവരുത്തി സൈനിക നയതന്ത്രജ്ഞരെ തിരിച്ചയക്കുന്നതിനുള്ള പേഴ്സണ നോൺ-ഗ്രാറ്റ നോട്ട് ഇന്ത്യ കൈമാറി. പാകിസ്ഥാന്റെ ഔദ്യോഗിക എക്സ് ഹാൻഡിൽ അക്കൗണ്ടും ഇന്ത്യയിൽ നിരോധിച്ചു. പഹൽഗാമിലെ ബൈസരൺ വാലിയിൽ ചൊവ്വാഴ്ചയുണ്ടായ ഭീകരാക്രമണത്തിൽ 26 വിനോദസഞ്ചാരികളാണ് കൊല്ലപ്പെട്ടത്.

&&&&&&&&&&&&&&&&&&&&&&

## HEADLINE-3

## PAHALGAM- ALL PARTY MEETING

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ ഇന്ന് ന്യൂഡൽഹിയിൽ സർവകക്ഷിയോഗം വിളിച്ചു. വൈകിട്ട് 6 മണിക്ക് പാർലമെന്റ് മന്ദിരത്തിലാണ് യോഗം നടക്കുക. ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ളയും ഇന്ന് സർവകക്ഷിയോഗം വിളിച്ചിട്ടുണ്ട്. ശ്രീനഗറിൽ ഉച്ചതിരിഞ്ഞ് 3 മണിക്കാണ് യോഗം.

&&&&&&&&&&&&&&&&&&&&&&

## CM - TERROR

ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കശ്മീരിൽ കുടുങ്ങിയ മലയാളികൾക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ സംസ്ഥാന സർക്കാർ സജ്ജമാക്കിയിട്ടുണ്ടെന്നും അവ പ്രയോജനപ്പെടുത്തണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ . സഹായം ആവശ്യമായവർക്കും, ബന്ധുക്കളെ സംബന്ധിച്ച വിവരം തേടുന്നവർക്കും ഹെൽപ്പ് ഡെസ്ക് നമ്പരിൽ നിന്ന് വിവരങ്ങൾ നൽകുന്നതിനും പേര് രജിസ്റ്റർ ചെയ്യുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. നിലവിൽ 575

മലയാളികൾ കാശ്മീരിൽ ഉണ്ടെന്ന വിവരം ലഭിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## Ramachandran

പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായ എറണാകുളം സ്വദേശി എൻ രാമചന്ദ്രന്റെ സംസ്കാര ചടങ്ങുകൾ നാളെ ഇടപ്പള്ളി പൊതു ശ്മശാനത്തിൽ നടക്കും. രാവിലെ 7.30 മുതൽ 9.30 വരെ ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ പൊതുദർശനം ഉണ്ടായിരിക്കും. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഇന്നലെ രാത്രി എത്തിച്ച ഭൗതിക ശരീരത്തിൽ സംസ്ഥാന സർക്കാരിനു വേണ്ടി മന്ത്രി പി പ്രസാദ് പുഷ്പചക്രം അർപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&

## HEADLINE-4

## UDHAMPUR-KULGAM ENCOUNTER

ജമ്മു കശ്മീരിലെ ഉധംപൂർ ജില്ലയിൽ സുരക്ഷാ സേനയും ഭീകരരും തമ്മിലുണ്ടായ വെടിവയ്പ്പിൽ ഒരു സൈനികന് വീരമൃത്യു. ഡുഡു-ബസന്ത്ഗഢ് പ്രദേശത്ത് ഭീകര സാന്നിധ്യമുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ സേന നടത്തിയ തിരച്ചിലിനിടെയാണ് വെടിവയ്പ്പ് . മേഖലയിൽ ഏറ്റുമുട്ടൽ തുടരുകയാണ്. കുൽഗാം ജില്ലയിലെ ടാങ്മാർഗ് പ്രദേശത്തും ഇന്നലെ ഭീകരരും, സുരക്ഷാ സേനയും തമ്മിൽ ഏറ്റുമുട്ടലുണ്ടായിരുന്നു. ഇവിടെയും തിരച്ചിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

&&&&&&&&&&&&&&&&&&&&&&

## 4TH ANNIVERSAY KERALA GOV. (INTRO)

*സംസ്ഥാനത്ത് 2016 മുതൽ വ്യവസായ രംഗത്ത് മികച്ച രീതിയിലുള്ള വളർച്ചയാണുണ്ടായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിൻറെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി പത്തനംതിട്ടയിൽ നടന്ന ജില്ലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യവസായ സൗഹൃദ അന്തരീക്ഷമാണ് ഇപ്പോൾ സംസ്ഥാനത്തുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.*

*(വോയിസ്...)*

&&&&&&&&&&&&&&&&&&&&&

**K N BALAGOPAL - PENSION**

സാമൂഹ്യ, ക്ഷേമ പെൻഷൻ കുടിശികയിൽ ഒരു ഗഡു കൂടി അനുവദിക്കാൻ സംസ്ഥാന സർക്കാർ തീരുമാനം. ഇതോടെ ഗുണഭോക്താക്കൾക്ക് മെയ് മാസം രണ്ട് ഗഡു ക്ഷേമ പെൻഷനായിരിക്കും ലഭിക്കുകയെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു. അടുത്ത മാസം പകുതിക്ക് ശേഷം പെൻഷൻ വിതരണം ആരംഭിക്കും.

&&&&&&&&&&&&&&&&&&&&&

## HEADLINE-5

**AMBALAMUKKU CRIME**

തിരുവനന്തപുരം അമ്പലമുക്ക് വിനീത വധക്കേസിൽ പ്രതി രാജേന്ദ്രന് വധശിക്ഷ. തിരുവനന്തപുരം സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. നേരത്തെ 3 കൊലപാതക കേസുകളിലും തമിഴ്നാട് തോവാള സ്വദേശി രാജേന്ദ്രൻ പ്രതിയായിരുന്നു. 2022 ഫെബ്രുവരി ആറിനായിരുന്നു മോഷണത്തിനിടെ വിനീതയെ കൊലപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&&&

**Chhattisgarh Naxals killed**

ഛത്തീസ്ഗഡ്-തെലങ്കാന അതിർത്തിയിലെ ബിജാപൂർ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ 5 നക്സലുകൾ കൊല്ലപ്പെട്ടു.

മൂന്ന് ദിവസം മുമ്പാണ് പ്രദേശത്തെ വനമേഖലയിൽ സുരക്ഷാ സേന നക്സൽ വിരുദ്ധ ഓപ്പറേഷൻ ആരംഭിച്ചത്.

&&&&&&&&&&&&&&&&&&&&&

## POPE

ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് അന്ത്യാദരം അർപ്പിച്ച് ജനസഹസ്രങ്ങൾ. സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ ശനിയാഴ്ചവരെയാണ് പൊതുദർശനത്തിന് ക്രമീകരണം ഒരുക്കിയിരിക്കുന്നത്. ശനിയാഴ്ച ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 -ഓടെയാണ് സംസ്കാര ചടങ്ങുകൾ ആരംഭിക്കുക. ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഗ്രഹ പ്രകാരം റോമിലെ സെന്റ് മേരി മേജർ ബസലിക്കയിലാണ് അന്ത്യവിശ്രമം ഒരുക്കുന്നത്. നിരവധി ലോകനേതാക്കൾ പങ്കെടുക്കുന്ന സംസ്കാര ചടങ്ങിൽ കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&

## HEADLINE-6

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&&

## Asian Yogasana

രണ്ടാമത് ഏഷ്യൻ യോഗാസന ചാമ്പ്യൻഷിപ്പിന് നാളെ ന്യൂഡൽഹിയിൽ തുടക്കം. ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ 21 രാജ്യങ്ങളിൽ നിന്നുള്ള 170 താരങ്ങൾ പങ്കെടുക്കും. യോഗാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് മൂന്ന് ദിവസം നീളുന്ന ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&&&

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 300 പോയിന്റ് ഇടിഞ്ഞ് 79,816 ലും, നിഫ്റ്റി 85 പോയിന്റ് താഴ്ന്ന് 24,243 ലും വ്യാപാരം തുടരുന്നു.
സ്വർണ്ണ വില കുറഞ്ഞു. ഗ്രാമിന് പത്ത് രൂപ കുറഞ്ഞ് 9,005 രൂപയും, പവന് 80 രൂപ കുറഞ്ഞ് 72,040 രൂപയുമാണ് ഇന്നത്തെ സ്വർണ്ണ വില.

&&&&&&&&&&&&&&&&&&&&&&

## REV. KYIV ATTACK

യുക്രൈനിലെ കീവിൽ ഇന്നലെ രാത്രിയുണ്ടായ റഷ്യൻ വ്യോമാക്രമണങ്ങളിൽ 12 പേർ കൊല്ലപ്പെട്ടു. കുട്ടികൾ ഉൾപ്പെടെ 54 പേർക്ക് പരിക്കേറ്റിട്ടുണ്ട്. വടക്കുകിഴക്കൻ നഗരമായ ഖാർകിവിലും സ്ഫോടനങ്ങൾ നടന്നതായാണ് റിപ്പോർട്ട്. അതേസമയം, യുക്രെൻ പ്രസിഡന്റ് വൊളോഡിമിർ സെലൻസ്കി റഷ്യയുമായുള്ള യുദ്ധം നീട്ടിക്കൊണ്ടുപോയി സമാധാന ശ്രമങ്ങളെ തടസ്സപ്പെടുത്തുകയാണെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആരോപിച്ചു. യുഎസ് നിബന്ധനകൾ അംഗീകരിക്കാൻ സെലെൻസ്കി തയ്യാറാകാത്തപക്ഷം യുദ്ധം നീണ്ടുപോവുകയേയുള്ളുവെന്നും ട്രംപ് സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&&&

## US VICE PREZ-JAIPUR VISIT

നാല് ദിവസത്തെ ഇന്ത്യൻ സന്ദർശനം പൂർത്തിയാക്കി യുഎസ് വൈസ് പ്രസിഡന്റ് ജെ ഡി വാൻസ് വാഷിംഗ്ടണിലേക്ക് മടങ്ങി. ജയ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് പ്രത്യേക വിമാനത്തിലാണ് അദ്ദേഹം മടങ്ങിയത്.

&&&&&&&&&&&&&&&&&&&&&&

## WORLD IMMUNIZATION WEEK

ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ആഗോള രോഗപ്രതിരോധ വാരത്തിന് ഇന്ന് തുടക്കം. 'എല്ലാവർക്കും രോഗപ്രതിരോധം സാധ്യം' എന്നതാണ് ഈ മാസം 30 വരെ നീളുന്ന വാരാചരണത്തിൻറെ പ്രമേയം. പ്രതിരോധകുത്തിവയ്പ്പിന്റെ പ്രധാന്യം

ഉയർത്തിക്കാട്ടുക ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ഏപ്രിൽ അവസാന ആഴ്ചയിൽ ലോക രോഗപ്രതിരോധ വാരം ആചരിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

## IMD-WEATHER

രാജ്യത്തിൻറെ വടക്കുപടിഞ്ഞാറൻ മേഖലകളിൽ അടുത്ത 5 ദിവസം കൂടി ഉഷ്ണതരംഗം തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. പശ്ചിമ മധ്യപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, ഡൽഹി എന്നിവിടങ്ങളിൽ ഈ മാസം 29 വരെ ഉഷ്ണതരംഗത്തിന് സാധ്യതയുണ്ട്. കർണാടക, തീരദേശ ആന്ധ്രാപ്രദേശ്, കേരളം, തമിഴ്നാട് എന്നിവിടങ്ങളിൽ ഇടിമിന്നലോട് കൂടിയ നേരിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കാലാവസ്ഥ നിരീക്ഷണകേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&